മിസ്റ്റർ ഐ. രാമൻമേനോൻ.—(ഉ) ടി സംഖ്യകൊണ്ടു ചിലവുചെയ്തിട്ടുള്ള പണികളുടെ ഇനവിവരം കൌൺസിൽ മേശപ്പുറത്തു വെച്ചിട്ടുള്ള ലിസ്റ്റിൽ കൊടുത്തിട്ടുണ്ട്.

(ഒ) ഫാമിൽ വർഷം കാലെ ആരംഭിച്ചതിനാൽ ടി കുളത്തിൽ യാതൊരു പണിയും നടത്തുവാൻ സാധിക്കാഞ്ഞതിനാലും ടി കുളം സുമാർ രണ്ടു കൊല്ലത്തിനുമുമ്പു് വളരെ പണം ചിലവുചെയ്തു് വെട്ടി നന്നാക്കീട്ടുള്ളതുകൊണ്ടും വീണ്ടും അതേപണികൂടെ വലുതായ ഒരു സംഖ്യ ചിലവുചെയ്യുന്നതു യുക്തമല്ലെന്നു ഗവൺമെണ്ടിനു തോന്നുകയാലും.

(ങ) കൌൺസിൽ മേശപ്പുറത്തു വെച്ചിരിക്കുന്ന ഫാമിൽ സി. ഡിവിഷൻ ഓഫീസായി ഡബ്ലിയു-ൻ, ഫിനു-ൻ ഈ തിയ്യതികളിൽ ഉണ്ടായ മിവാൻജി അവർകളുടെ ഉത്തരവുകളുടെ പകർപ്പുകൾ നോക്കുക.

(ര) ഫൻഡൻ ജൂലായി ഫിനാൻസ്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഈ കൂട്ടൻകുളം നന്നാക്കുന്നതിനുള്ള സംഖ്യ ബഡ്ജറിൽ ചേർത്തതു് ആവശ്യമുണ്ടായിട്ടോ ഇല്ലാഞ്ഞിട്ടോ?

മിസ്റ്റർ ഐ. രാമൻമേനോൻ.—ആ പണം ചിലവാക്കിയ ഇനങ്ങൾ ഇന്നതെല്ലാമെന്നു പറഞ്ഞിട്ടുണ്ട്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—"ടി കുളം സുമാർ ഒ കൊല്ലങ്ങൾക്കു മുമ്പു് വളരെ പണം ചിലവുചെയ്തു് വെട്ടി നന്നാക്കിയിട്ടുള്ളതുകൊണ്ടും അതേ പണിക്കു് വലുതായ ഒരു സംഖ്യ ചിലവുചെയ്യുന്നതു് യുക്തമല്ലെന്നു ഗവൺമെണ്ടിനു തോന്നുകയാലും" എന്നു പറഞ്ഞിട്ടുണ്ട്. ഒരു പണി നടത്തുവാൻ ഈ സംഖ്യ ബഡ്ജറിൽ പെടുത്താൻ കാരണമെന്താണു്?

മിസ്റ്റർ ഐ. രാമൻ മേനോൻ.—അതു നന്നാക്കേണ്ടതാണെന്നു ആദ്യം തോന്നി. പിന്നീടു് രണ്ടാമതും ഒന്നുകൂടി അന്വേഷണം നടത്തിയപ്പോൾ ആ പണിക്കു പണം ചിലവാക്കിയിട്ടു കാര്യമില്ലെന്നു ബോധ്യമായി.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—നല്ലവണ്ണം അന്വേഷണം നടത്തിയിട്ടു വേണ്ടേ ബഡ്ജറിൽ പണം ചേർക്കാൻ?

മിസ്റ്റർ. ഐ. രാമൻ മേനോൻ.—ആദ്യം ചില ഫർജികൾ ഉണ്ടായിരുന്നു.

മിസ്റ്റർ. ടി. എ. രാമചന്ദ്രയ്യർ.—ആദ്യമേ വേണ്ടതുപോലെ അന്വേഷണം നടത്തിയില്ല എന്നല്ലേ പറയുന്നതിന്റെ അർത്ഥം?

പ്രസിഡെണ്ടു്.—ആദ്യം ഒന്നു അന്വേഷിച്ചു. പിന്നീടു കൂടുതലായ അന്വേഷണം നടത്തി.

Construction of the Kodakara-Vellikulangara Road.

411. മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—താഴെ പറയുന്ന ചോദ്യത്തിനു ഗവൺമെണ്ടു മെയവായി മറുപടി പറയുമോ.—

(a) കൊടകര-വെള്ളികുളങ്ങര വെട്ടുവഴി വളരെ ഉപയോഗമുള്ളതാണെന്നും ഉടനെ വഴി പൂർത്തിയാക്കാമെന്നും ഗവൺമെണ്ടു പറഞ്ഞതായി ഓർമ്മയുണ്ടോ;

(b) ടി പണി വിഷയം ഇപ്പോൾ ഏതു നിലയിൽ ഇരിക്കുന്നു?

മിസ്റ്റർ വി കെ. അരവിന്ദാക്ഷമേനോൻ.—(a) ഉണ്ടു്.

(b) ചുങ്കാൽ തണ്ണീർപന്തൽ മുതൽ വെള്ളികുളങ്ങരെ തോട്ടുവരെയുള്ള വഴിയുടെ പണി വരുന്ന കൊല്ലം ചെയ്യേണ്ടതിലേക്കു ആ ഭാഗത്തിനുള്ള അടങ്കൽ തയ്യാറാക്കുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly